പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1344 30/01/2018 ൽ മറുപടിയ്ക്ക്

## സംസ്ഥാന സ്കൂൾ കലോത്സവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ശശി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 2017-18 അദ്ധ്യയന വർഷത്തിലെ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സംസ്ഥാനത്താകമാനമുള്ള എത്ര കുട്ടികൾ പങ്കെടുത്തു എന്നും ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | 2017-18 അദ്ധ്യയന വർഷത്തിലെ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 14,212 കുട്ടികൾ പങ്കെടുക്കുകയും ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസം, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടേറ്റുകളിൽ നിന്നായി 250 ഉദ്യോഗസ്ഥർ പ്രവർത്തിച്ചു. |
| (ബി) | കലോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് പിരിഞ്ഞു കിട്ടിയ തുക, ലഭ്യമായ സർക്കാർ സഹായം, ചെലവായ തുക എന്നിവ ഓരോന്നിന്റെയും ഇനം തിരിച്ച് എത്രയെന്ന വിവരം ലഭ്യമാക്കുമോ? | (ബി) | കലോത്സവ ഇനത്തിൽ 9,10,+1,+2 വിദ്യാർത്ഥികളിൽ നിന്നും മാത്രമാണ് ഫണ്ട് ലഭ്യമായിട്ടുള്ളത്. വിവിധ സ്കൂളുകളിൽ നിന്നും ഡി.ഡി ആയി കലോത്സവ വിഹിതം ലഭിച്ചു കൊണ്ടിരിക്കുന്നതേയുള്ളൂ. അതിനാൽ ആകെ തുകയുടെ കണക്ക് ഇപ്പോൾ നൽകുന്നതിന് സാധിക്കില്ല. സർക്കാർ വിഹിതമായ 6,00,00,000/- രൂപ (ആറു കോടി രൂപ) ഉപ ജില്ലാ, റവന്യൂ ജില്ലാ കലോത്സവത്തിനായി നൽകിയിട്ടുണ്ട്. കുട്ടികളുടെ പ്രൈസ് മണി ഇനത്തിൽ 40,00,000/-രൂപ (നാല്പത് ലക്ഷം രൂപ) സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവം സുഗമമായി നടത്തുന്നതിന് വിവിധ കമ്മിറ്റികൾക്ക് 98,60,000/-രൂപ) (തൊണ്ണൂറ്റിയെട്ട ലക്ഷത്തി അറുപതിനായിരം രൂപ) നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ